**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2246** **08.05.2017-** ൽ മറുപടിക്ക്

## ഒരോടം പാലം പുനരുദ്ധാരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ടി.എ.അഹമ്മദ് കബീർ** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | മങ്കട മണ്ഡലത്തിലെ ഒരോടം പാലം വീതികൂട്ടി പുനരുദ്ധാരണം നടത്തുന്നതിനായി പൊതു മരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കാമോ; | (എ) | മങ്കട മണ്ഡലത്തിലെ ഒരോടം പാലത്തിന്റെ പുനരുദ്ധാരണപ്രവൃത്തി 2017-18-ലെ കേന്ദ്ര വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ച പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്കു മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനായി സി.ഇ. (എൻ.എച്ച്) മുഖാന്തരം തുക അനുവദിച്ചിട്ടുണ്ടോ; | (ബി) | ഈ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള തുക പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ നിന്ന് ദേശീയപാതാ വിഭാഗത്തിന് നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഡി.പി.ആർ ഉൾപ്പെടെ തയ്യാറാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ? | (സി) | പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ തയ്യാറാക്കൽ പുരോഗമിച്ചു വരുന്നു. |

S. Bindu
സെക്ഷൻ ഓഫീസർ